
മുക്കുറ്റി
തുമ്പ
ജമന്തി
കോളാമ്പി
വാടാമുല്ല
കൃഷ്ണകിരീടം
പനിനീർപ്പൂവ്
മുല്ല

## 3. നമുക്കും പൂക്കളാകാം

**പൂക്കളുടെ പേരുള്ള ഗ്രൂപ്പുകളായി മാറൂ. നിങ്ങൾക്ക് ലഭിച്ച പൂവിനെക്കുറിച്ച് കവിതയിൽ പറഞ്ഞിട്ടുള്ള വരികൾ കണ്ടെത്തി അവതരിപ്പിക്കൂ. അവയുടെ സവിശേഷതകളും അവതരണത്തിൽ ഉൾപ്പെടുത്തുമല്ലോ.**

**ഉത്തരമാതൃക**

മുക്കുറ്റി - *പൊൻവെയിലിൽ കുരുത്ത മുക്കുറ്റികൾ*

ഗ്രൂപ്പ് മുക്കുറ്റി : നക്ഷത്രംപോലുള്ള കുഞ്ഞുമഞ്ഞപ്പൂക്കളുമായി മുറ്റത്തും തൊടിയിലുമൊക്കെ ഞങ്ങൾ ഓണക്കാലത്ത് വിരിഞ്ഞു നിൽക്കും. ദശപുഷ്പങ്ങളിൽ ഒന്നാണ് ഞാൻ.

തുമ്പ - *പൂനിലാവ് നുകർന്ന പൂത്തുമ്പകൾ*

ഗ്രൂപ്പ് തുമ്പ : നാട്ടിൻപുറങ്ങളിലെല്ലാം സാധാരണയായി ഞങ്ങളെ കാണാം. ഓണപ്പൂക്കളത്തിൽ ഏറ്റവും പ്രാധാന്യം ഞങ്ങൾക്കാണ്. ഞങ്ങളുടെ ഇലയും വേരും പൂവുമെല്ലാം ഔഷധമാണ്.

ജമന്തി - *സന്ധ്യ നെഞ്ചത്തെടുത്തു ലാളിച്ചതിൻ ചന്തമാകെപ്പകർന്ന ജമന്തികൾ*

ഗ്രൂപ്പ് ജമന്തി : വെള്ളയും മഞ്ഞയും നിറങ്ങളിലാണ് സാധാരണ ഞങ്ങളെ കാണാറുള്ളത്. ഞങ്ങൾക്ക് നല്ല മണമുണ്ട്. മാല കെട്ടാനും ഓണപ്പൂക്കളത്തിലുമെല്ലാം ഞങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്.

കോളാമ്പി - *മഞ്ഞനക്ഷത്രമെന്നപോൽ വേലിയിൽ മഞ്ഞണിഞ്ഞു വിരിഞ്ഞ കോളാമ്പികൾ*

ഗ്രൂപ്പ് കോളാമ്പി: പൂന്തോട്ടങ്ങളിലും പാതയോരങ്ങളിലുമൊക്കെ പൊൻചിരി തൂകിനിൽക്കുന്ന ഞങ്ങളെ നിങ്ങൾ കണ്ടിട്ടില്ലേ. എല്ലാ ദിവസവും ഞങ്ങൾ പൂക്കും. ചില്ലകളുടെ അറ്റത്ത് കുലകളായാണ് ഞങ്ങൾ ഉണ്ടാകുന്നത്.

പനിനീർമലരുകൾ - *കാറ്റിലേക്കു സുഗന്ധമെല്ലായ്പ്പോഴും ചേറ്റിനിൽക്കും പനിനീർമലരുകൾ*

ഗ്രൂപ്പ് പനിനീർപ്പൂവ്: മഞ്ഞ, ചുവപ്പ്, റോസ്, വെള്ള തുടങ്ങി പല നിറങ്ങളിൽ ഞങ്ങൾ ഉണ്ട്. ഞങ്ങൾക്ക് നല്ല സുഗന്ധവും ഭംഗിയുമുണ്ട്. പനിനീർ ഉണ്ടാക്കുന്നത് ഞങ്ങളിൽ നിന്നാണ്.

കുരുക്കുത്തിമുല്ല - *രാത്രി പെറ്റ കുരുക്കുത്തിമുല്ലകൾ*

ഗ്രൂപ്പ് കുരുക്കുത്തിമുല്ല: ഞങ്ങൾ രാത്രിയിൽ വിരിയുന്ന മണമുള്ള പൂക്കളാണ്. ശലഭങ്ങളെ ആകർഷിക്കാനാണ് വെളുത്തനിറവും നല്ല സുഗന്ധവും.

കൃഷ്ണകിരീടം - *രാജമുദ്രയണിഞ്ഞ ചെന്താരുകൾ*

ഗ്രൂപ്പ് കൃഷ്ണകിരീടം: നാട്ടിൻപുറങ്ങളിൽ സാധാരണയായി കണ്ടുവരുന്ന ഞങ്ങളെ ഓണപ്പൂക്കളത്തിൽ ഉപയോഗിക്കാറുണ്ട്. കിരീടത്തിന്റെ ആകൃതിയിലാണ് ഞങ്ങളുടെ പൂങ്കുല. അതുകൊണ്ടാണ് രാജമുദ്രയണിഞ്ഞ ചെന്താരുകൾ എന്ന് പറഞ്ഞിരിക്കുന്നത്.

വാടാമുല്ല - *ഭൂമി ചാർത്തിയ കുങ്കുമപ്പൊട്ടുപോൽ തൂമയേറിടും വാടാമലരുകൾ*

ഗ്രൂപ്പ് വാടാമുല്ല : പേരുപോലെ തന്നെ വാടാതെ ഏറെക്കാലം നിൽക്കുന്നവരാണ് ഞങ്ങൾ. മാല, ബൊക്കെ, ഓണപ്പൂക്കളം ഇവ മനോഹരമാക്കാൻ ഞങ്ങളും വേണം.


## പൂക്കവിതകൾ

- **നോവിക്കല്ലേ**

മഞ്ഞുതുള്ളി നെറുകയിൽ ചൂടി
കുഞ്ഞുപൂവൊന്നു മുറ്റത്തുനിന്നൂ
പിച്ച വെയ്ക്കുന്ന പിഞ്ചുകുഞ്ഞപ്പോൾ
കൊച്ചുപൂവിനെ നോക്കിച്ചിരിച്ചൂ
ഉണ്ണിക്കൈകൊണ്ടു മെല്ലെത്തലോടി
ഉമ്മവച്ചിതാ പൂവിന്റെ കണ്ണിൽ
പിച്ചിടല്ലേ പറിച്ചെടുക്കല്ലേ
കൊച്ചുപൂവിനെ നോവിച്ചിടല്ലേ

*സുഗതകുമാരി*

- **തുമ്പപ്പൂവേ**



കണ്ടാലിമ്പം തോന്നണപൂവേ,
തുമ്പപ്പൂവേ, വെൺപൂവേ,
ഉണ്ടേ, നിന്നോടുരിയാടീടാൻ
പണ്ടേയുള്ളൊരു ചെറുകാര്യം!
വെണ്ണക്കല്ലു കനിഞ്ഞുപകർന്നോ
വെള്ളപ്പട്ടിൻ കുപ്പായം?
വെൺതിങ്കൾപ്പാൽ നൊട്ടിനുകർന്നോ
നിൻമേനി ക്കീ, വെൺചായം?
ആരാണൻപിൻ, യീ, നിറമേകി
തുമ്പപ്പൂവേ, വെൺപൂവേ,
പൈതലിനുള്ളൊരു മാനസമാണോ
തുമ്പപ്പൂവേ, നിന്നുള്ളം?

*ഗോതുരുത്ത് ജോസ്*

- **പൂക്കൾ**

ഒന്നാം വരിയിൽ കൊന്നപ്പൂ
രണ്ടാം വരിയിൽച്ചുണ്ടപ്പൂ
മൂന്നാം വരിയിൽ മുല്ലപ്പൂ
നാലാം വരിയിൽ പാലപ്പൂ
അഞ്ചിലുമാറിലുമാമ്പൽപ്പൂ-
വേഴിലുമെട്ടിലുമെള്ളിൻപൂ
ഒമ്പതിൽ വെള്ളത്തുമ്പപ്പൂ
പത്താം വരിയിൽ മത്തപ്പൂ

*തിരുനല്ലൂർ കരുണാകരൻ*

- **കൊങ്ങിണിപ്പൂ**

കൊങ്ങിണിയെന്നൊരു പാഴ്ച്ചെടിയുണ്ടതിൽ
കിങ്ങിണിച്ചെംമണിപ്പൂവല്ലോ.
കൊച്ചുകിളികൾ കൊറിക്കുമാക്കായകൾ
പച്ചമരതകമുത്തല്ലോ.
വേലിപ്പുറത്തു നാം നിർത്തുമെന്നാലുമീ
വേശയെ- മുൾച്ചെടിയാണല്ലോ.

ഓണമായ് മുറ്റത്തു പൂവിടാൻ നമ്മൾക്കു
വേണമിതിൻ മലരാവോളം.
കുങ്കുമച്ചേലെഴും പൂക്കളം തീർക്കുവാൻ
കൊങ്ങിണിപോലൊരു പൂവുണ്ടോ?

*വൈലോപ്പിള്ളി ശ്രീധരമേനോൻ*

*(വേശ - സുന്ദരി)*

# കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും

**1. "പൂക്കളെത്രയോ പൂക്കളീ ഭൂമിതൻ**
**മക്കളായിപ്പിറക്കുന്നു നിത്യവും"**

**(എ) നിങ്ങൾ നട്ടുവളർത്തിയ ചെടികളിലും ഇതുപോലെ പൂക്കളും കായ്കളും വിരിഞ്ഞിട്ടുണ്ടാകുമല്ലോ. നിങ്ങളുടെ അനുഭവം കുറിപ്പായി എഴുതുക.**

**(ബി) നിത്യവും എന്ന പദം ശരിയായി പിരിച്ചെഴുതിയത് ഏത്?**

- **നിത്യം + വും** • **നിത്യം + ഉം**
- **നിത്യ + വും** • **നിത്യ + ഉം**

***നിത തയ്യാറാക്കിയ മാതൃക***

(എ) വീട്ടുമുറ്റത്തും സ്കൂളിലും പൂന്തോട്ടമുണ്ടാക്കാനും വീട്ടിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കാനും ഞാനും കൂടാറുണ്ട്. ഞാൻ നട്ട ചെടികളിൽ പുതിയതായി ഓരോ ഇല വരുമ്പോഴും ഞാൻ സന്തോഷിച്ചിരുന്നു. ചെടിക്ക് ചെറിയൊരു വാട്ടം ഉണ്ടായാൽ എന്റെ മനസ്സ് വേദനിക്കുമായിരുന്നു. ഞാൻ നട്ട വെണ്ടയിൽ ആദ്യമായി ഒരു പൂവ് വിരിഞ്ഞപ്പോഴുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവില്ല. ഞാൻ വളർത്തിയ വെണ്ടയിലും വഴുതനയിലും ഉണ്ടായ കായ്കൾകൊണ്ടുണ്ടാക്കിയ കറികൾ കൂട്ടിയപ്പോഴും എനിക്കുണ്ടായ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല.

(ബി) നിത്യം + ഉം

## 2. ആസ്വാദനക്കുറിപ്പ്

**കൊങ്ങിണിപ്പൂക്കൾ**

**ഒരു പൂച്ചെടിയേ നട്ടുള്ളൂ.**
**ഓരോ കൊമ്പും പൂത്തല്ലോ**
**രത്നക്കല്ലിൻ കമ്മലു പോൽ**
**മുറ്റത്തെങ്ങും പൂക്കാലം**
**പൂക്കളുണർന്നു ചിരിച്ചപ്പോൾ**
**പൂമ്പാറ്റകളും വന്നല്ലോ**
**നാനാവർണച്ചിറകുകളോടെ**
**കാണാൻ കണ്ണിനു ഹരമോടെ**
**ഒരു പൂച്ചെടിയേ നട്ടുള്ളൂ.**
**ഓരോ കൊമ്പും പൂത്തല്ലോ**
**പൂവില്ലാത്തൊരു നാളില്ല**
**അഴകിൻ വരികൾ കാണുമ്പോൾ**
**ആനന്ദത്തിൻ പൊടിപൂരം**
**മാവേലിക്കും മാളോർക്കും**
**ആനന്ദത്തിൻ പൊന്നോണം**
**ഒരു പൂച്ചെടിയേ നട്ടുള്ളൂ.**
**മുറ്റത്തെന്നും പൂക്കാലം (ഡി. വിനയചന്ദ്രൻ)**

**ഒരു പൂച്ചെടി നടുമ്പോൾ ഒരു വസന്തം വിരുന്നുവരുന്നതുപോലെയാണ് കവി കാണുന്നത്. ഇതുപോലുള്ള ധാരാളം സവിശേഷതകൾ കവിതയിൽ കണ്ടല്ലോ. അവകൂടി ചേർത്തുകൊണ്ട് കൊങ്ങിണിപ്പൂക്കൾ എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.**

ഒരു പൂച്ചെടികൊണ്ട് പ്രകൃതി വസന്തം തീർക്കുന്ന കാഴ്ചയാണ് ഈ കവിതയിൽ കവി വർണിക്കുന്നത്. ഒരു പൂച്ചെടി മാത്രമേ നട്ടിരുന്നുള്ളൂ എങ്കിലും അതിന്റെ ഓരോ ചില്ലയിലും നിറയെ പൂക്കളുണ്ടായി. രത്നക്കല്ലിനാൽ തീർത്ത കമ്മലുപോലെ അവ മുറ്റത്തെങ്ങും പൂത്തുനിന്നു. പൂക്കൾ വിടർന്നപ്പോൾ പൂമ്പാറ്റകളും വിരുന്നെത്തി, മഴവില്ലിന്റെ വർണഭംഗിയോടെ കാണാനഴകുള്ള പൂമ്പാറ്റ. ഒരു ചെടിയേ നട്ടുള്ളൂവെങ്കിലും അതിൽ പൂവില്ലാത്ത നാളുണ്ടായിരുന്നില്ല. അതിലെത്തുന്ന പൂമ്പാറ്റകളുടെ എണ്ണത്തിനും കുറവുണ്ടായിരുന്നില്ല. അഴകുനിറഞ്ഞ ഈ പൂക്കളെയും പൂമ്പാറ്റകളെയും കാണുമ്പോൾ മാളോർക്കും ഓണത്തിനു വിരുന്നെത്തുന്ന മാവേലി മന്നനുമെല്ലാം മനസ്സിൽ സന്തോഷം നിറയും. അങ്ങനെ എന്നും പൂക്കാലം ഒരുക്കി ആ പൂച്ചെടി മുറ്റത്തങ്ങനെ വിരാജിച്ചു. ഒരു ചെടികൊണ്ട് ഒരു പൂക്കാലം തീർക്കുന്ന കൊങ്ങിണിച്ചെടിയെപ്പോലെ എന്നും നന്മയുടെ വസന്തം വിതയ്ക്കാൻ നമുക്കു കഴിയണം എന്ന സന്ദേശമാണ് ഈ കവിത നമുക്ക് പകർന്നുതരുന്നത്.

**3. ഭൂമിചാർത്തിയ കുങ്കുമപ്പൊട്ടുപോൽ**
**തൂമയേറിടും വാടാമലരുകൾ**

**(എ) ഇതുപോലെ നിങ്ങളെ ആകർഷിച്ച ഏതെങ്കിലും ഒരു പൂവിനെക്കുറിച്ച് എഴുതുക.**

**(ബി) ഭംഗി എന്ന അർഥത്തിൽ വരികളിൽ പ്രയോഗിച്ച വാക്ക് ഏത്?**

- **കുങ്കുമം** • **പൊട്ട്** • **തൂമ** • **മലർ**

(എ) സ്കൂൾ വിട്ടുവരുമ്പോൾ എന്നെ വരവേൽക്കാനെന്നപോലെ നിറയെ പൂക്കളുമായി ചിരിച്ചുനില്ക്കുന്ന ചങ്ങാതിമാരുണ്ട്. നാലുമണിപ്പൂക്കൾ. മഞ്ഞയും വെള്ളയും റോസും ചുവപ്പും നിറങ്ങളിൽ മുറ്റത്തിന്റെ പലയിടങ്ങളിലായി ചിരി തൂകിനിൽപ്പുണ്ടാവും അവർ. മറ്റു പൂക്കളെല്ലാം രാവിലെ വിടരുമ്പോൾ നാലുമണിപ്പൂക്കൾ ഉറക്കത്തിലായിരിക്കും. വൈകുന്നേരം മറ്റു പൂക്കളെല്ലാം വാടാറാകുമ്പോൾ നാലുമണിപ്പൂക്കൾ കണ്ണ് തുറക്കും. അഴകോടെ ചിരി തൂകി നില്ക്കും. പല നിറമുള്ള കുഞ്ഞു നക്ഷത്രങ്ങൾ പോലെതോന്നും അവയെക്കണ്ടാൽ.

(ബി) തൂമ

## 7. ആസ്വാദനക്കുറിപ്പിലേക്ക്...

**മണ്ണിന്റെ കിനാവുകൾ എന്ന കവിത ഇഷ്ടമായല്ലോ. നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ ഉൾപ്പെടുത്തി താഴെ കൊടുത്ത മനോപടം പൂർത്തിയാക്കൂ.**

**മാതൃക**

**കവിയെക്കുറിച്ച്**
പി. മധുസൂദനൻ
തന്റെ ചുറ്റുപാടുമുള്ള പുല്ലിലും കല്ലിലും മാവിലും പൂവിലും എല്ലാം കവിത കാണുന്ന കവി. കുട്ടികളുടെ ഭാവന ഉണർത്തുന്ന ധാരാളം കവിതകൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്.

**സമാനാശയമുള്ള മറ്റു കവിതകളിലെ വരികൾ**
- പൂക്കുന്നിതാമുല്ല പൂക്കുന്നിലഞ്ഞി പൂക്കുന്നു തേന്മാവു പൂക്കുന്നശോകം
- മലരണിക്കാടുകൾ തിങ്ങിവിങ്ങി മരതകകാന്തിയിൽ മുങ്ങിമുങ്ങി

**നിങ്ങൾക്കിഷ്ടപ്പെട്ട വരികൾ**
1. സന്ധ്യ നെഞ്ചത്തെടുത്തു ലാളിച്ചതിൻ ചന്തമാകെപ്പകർന്ന ജമന്തികൾ
2. മഞ്ഞനക്ഷത്രമെന്നപോൽ വേലിയിൽ മഞ്ഞണിഞ്ഞു വിരിഞ്ഞ കോളാമ്പികൾ
3. ഭൂമി ചാർത്തിയ കുങ്കുമപ്പൊട്ടുപോൽ തൂമയേറിടും വാടാമലരുകൾ

**കവിതയുടെ പേര്**
മണ്ണിന്റെ കിനാവുകൾ

**സവിശേഷപദങ്ങളും പ്രയോഗങ്ങളും**
1. സന്ധ്യ നെഞ്ചത്തെടുത്തു ലാളിച്ചു
2. രാജമുദ്രയണിഞ്ഞ ചെന്താരുകൾ
3. നീലവാനം മിഴികളിലുള്ളവർ
4. മണ്ണിന്റെയോമൽക്കിനാവുകൾ

**പ്രധാനാശയങ്ങൾ**
1. മണ്ണിന്റെ മക്കളായി പിറക്കുന്ന പൂക്കളുടെ സവിശേഷതകൾ.
2. പൂക്കൾ നൽകുന്ന ചിന്തകൾ-ജീവിക്കാൻ പ്രേരിപ്പിക്കുന്നു, പ്രേമവും പ്രതീക്ഷയും നൽകുന്നു.

**മനോപടം**

ആസ്വാദനക്കുറിപ്പ്, കഥാപാത്രനിരൂപണം, വർണ്ണന തുടങ്ങിയവ തയാറാക്കാൻ കുട്ടിയെ സഹായിക്കുന്ന പ്രവർത്തനമാണ് മനോപടം തയ്യാറാക്കൽ. മുകളിൽ പറഞ്ഞ വ്യവഹാരരൂപങ്ങൾ തയ്യാറാക്കുമ്പോൾ അതിൽ ഉൾപ്പെടുത്തേണ്ട പ്രസക്തമായ കാര്യങ്ങളെക്കുറിച്ചുള്ള സൂചനകൾ നൽകി അതിന്റെ വിശദാംശങ്ങൾ കോളങ്ങളിൽ കുറിക്കാൻ അവസരം നൽകുകയാണ് ഇതിലൂടെ ചെയ്യുന്നത്.

- **മനോപടത്തിന്റെ സഹായത്തോടെ ആസ്വാദനക്കുറിപ്പ് തയാറാക്കുക. നല്ലൊരു പേര് നൽകുമല്ലോ.**

**മാതൃക**

പ്രകൃതിയെക്കുറിച്ചും ഭൂമിയെക്കുറിച്ചും ധാരാളം കവിതകൾ എഴുതിയിട്ടുള്ള കവിയാണ് പി. മധുസൂദനൻ. ഇദ്ദേഹത്തിന്റെ മണ്ണിന്റെ കിനാവുകൾ എന്ന കവിതയിൽ മണ്ണിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളുമായ പലതരം പൂക്കളെക്കുറിച്ചാണ് പറയുന്നത്. പ്രകൃതിസ്നേഹിയായ കവി വായനക്കാരിലേക്കും പ്രകൃതിസ്നേഹം പകർന്നുനൽകുന്നു. മണ്ണിന്റെ കിനാവുകളാണ് പൂക്കൾ. മുക്കുറ്റി, തുമ്പ, ജമന്തി തുടങ്ങിയ പൂക്കളെക്കുറിച്ചാണ് കവി പറയുന്നത്. ഓരോ പൂവിനേയും പ്രത്യേകമായി വിശേഷിപ്പിക്കുന്നു. പൊൻവെയിലിൽ കുരുത്ത മുക്കുറ്റി, പൂനിലാവു നുകർന്ന പൂത്തുമ്പ എന്നിങ്ങനെയാണ് വിശേഷണങ്ങൾ. മനോഹരമായാണ് ഓരോ പൂവിനെയും അവതരിപ്പിക്കുന്നത്. വിശേഷണങ്ങളെല്ലാം പൂക്കൾക്കിണങ്ങുന്നവയാണ്.

കവിതയുടെ പേരും അർഥപൂർണമാണ്. മണ്ണിന്റെ മക്കളാണ് പൂക്കൾ. മക്കളെക്കുറിച്ച് മണ്ണ് കിനാവ് കാണുന്നു. ജീവന്റെ പ്രേമവും പ്രതീക്ഷയുമാണ് പൂക്കൾ. ആരിലും സന്തോഷവും പ്രതീക്ഷയും സ്നേഹവും നിറയ്ക്കാൻ പൂക്കൾക്കു കഴിയും. ധാരാളം പൂക്കൾ ഭൂമിയുടെ മക്കളായി നിത്യവും പിറക്കുന്നുണ്ട്. ചില പൂക്കളുടെ കണ്ണുകളിൽ നീലാകാശമുണ്ട്. ചില പൂക്കൾ വെള്ളത്തുള്ളികൾ കൊണ്ട് മാലയണിയുന്നു. ചില പൂക്കൾ ഏതു ചൂടിലും വാടാതെ നിൽക്കുന്നു. മറ്റു ചിലത് ഏതിരുട്ടിലും പുഞ്ചിരിക്കുന്നു.

പരസ്പരസ്നേഹത്തിന്റെയും സഹകരണത്തിന്റെയും കരുതലിന്റെയും, പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറുന്നവരുടെയുമൊക്കെ പ്രതീകമാണ് ഈ കവിതയിലെ പൂക്കൾ. ഓരോ പൂവും അവരുടെ ജീവിതം കൊണ്ട് നമുക്ക് സന്ദേശങ്ങൾ നൽകുന്നു. പ്രകൃതിയിൽ എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന സൂചനയും കവിത നൽകുന്നുണ്ട്.

ആശയം, പ്രയോഗഭംഗി, മനോഹരമായ വർണനകൾ എന്നിവകൊണ്ടെല്ലാം സമ്പന്നമാണ് ഈ കവിത. ചുറ്റുപാടുകളെ നിരീക്ഷിക്കാനും പ്രകൃതിസ്നേഹം നിലനിർത്താനും നമ്മെ പ്രചോദിപ്പിക്കുന്ന കവിതയാണിത്. മണ്ണിൽ എല്ലാം ഇണങ്ങിക്കഴിയുമ്പോഴാണ് ഭൂമി സ്വർഗമായി മാറുന്നത്.